(ബി) 1.3.92 മുതലും 1.3.97 മുതലും സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ശമ്പളപരിഷ്കാരങ്ങൾ ഇതേ തീയതികൾ മുതൽ കെ.റ്റി.ഡി.സി. ജീവനക്കാർക്കും ലഭ്യമാക്കാൻ 19.5.99 ലെ ജി.ഒ. (എം.എസ്.) 388/99/ജിഎഡി നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുവാദം നല്കിയിട്ടുണ്ട്.

(സി) മേല്പറഞ്ഞ ഉത്തരവു പ്രകാരം 1.3.1992 മുതൽ 30.6.93 വരെയും 1.3.1997 മുതൽ 31.3.99 വരെയുള്ള കാലയളവിലെ ശമ്പളകുടിശ്ശികയാണ് നല്കുവാനുള്ളത്. ടി കുടിശ്ശിക രണ്ടു ഗഡുക്കളായി, ഒന്ന് ഈ സാമ്പത്തിക വർഷത്തിലും രണ്ടാമത്തേത് അടുത്ത സാമ്പത്തിക വർഷത്തിലും, നല്കുന്നതിന് ഗവൺമെന്റ് ഉത്തരവു നല്കിയിട്ടുണ്ട്.

139(158) സുപ്രീം കോടതിയിലും ഹൈക്കോടതിയിലും സർക്കാർ വക കേസ്സുകൾ

പ്രൊഫ.എ.വി.താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സുപ്രീം കോടതിയിലും ഹൈക്കോടതിയിലും സർക്കാർ വക കേസ്സുകൾ നടത്തുന്നതിനായി 1.12.2000 വരെ അഡ്വ.ജനറലിനും അഡ്വ. ജനറൽ മുഖേനയും എന്തു തുക നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസ്സ് നടത്തുന്നതിനുവേണ്ടി ഏതെല്ലാം അഡ്വക്കേറ്റുമാരെയാണ് നിയോഗിച്ചതെന്നും അവർക്ക് ഫീസ്, മറ്റ് അലവൻസ് എന്നീ ഇനങ്ങളിൽ എന്തു തുക നല്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ യാത്രാപ്പടി ഇനത്തിൽ എന്തു തുക വീതം ഇവർക്കോരോരുത്തർക്കും നല്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വ. ജനറലും അദ്ദേഹത്തിന്റെ ഓഫീസും യാത്രാപ്പടി ഇനത്തിലും മറ്റു ചെലവുകൾക്കുമായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസ്സുകൾ നടത്തുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള ഒരു പാനലിൽപ്പെട്ട സീനിയർ അഭിഭാഷകരെയാണ് നിയമിക്കുന്നത്. കൂടാതെ സർക്കാർ നിയമിച്ചിട്ടുള്ള സ്റ്റാൻഡിംഗ് കൗൺസിലർമാരും സർക്കാർ കേസ്സുകൾ നടത്തുന്നു. ഇവ കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ പാനലിനു പുറത്തുള്ള പ്രഗൽഭരായ അഭിഭാഷകരുടെ സേവനവും പ്രയോജനപ്പെടുത്താറുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി.ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly